# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ഓഗസ്റ്റ് 12

# വാർത്താക്കുറിപ്പ്

## ബിരുദ പ്രവേശനം: ഓൺലൈൻ രജിസ്ട്രേഷൻ ഇന്നു (13-8-2021) കൂടി

എം.ജി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻറ് സയൻസ് കോളജുകളിലെ ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലേക്കും ഇൻ്റഗ്രേറ്റഡ് പ്രോഗ്രാമുകളിലേക്കു മുള്ള കേന്ദ്രീകൃത പ്രവേശനത്തിൻ്റെ ഓൺലൈൻ രജിസ്ട്രേഷനുള്ള സമയം ഇന്ന് (ആഗസ്റ്റ് 13) വൈകിട്ട് 4ന് അവസാനിക്കും. സാധ്യതാ അലോട്ട്മെൻ്റ് ആഗസ്റ്റ് 18 ന് പ്രസിദ്ധീകരിക്കും.
ഓൺലൈൻ അപേക്ഷയിലെ പേര്, രജിസ്റ്റർ നമ്പർ, പരീക്ഷാ ബോർഡ്, മൊബൈൽ നമ്പർ, ഇ-മെയിൽ വിലാസം, സംവരണ വിഭാഗം എന്നിവ ഒഴികെയുള്ള വിവരങ്ങൾ തിരുത്തുന്നതിനും പുതിയ ഓപ്ഷനുകൾ നൽകുന്നതിനും പുനക്രമീകരിക്കുന്നതിനും ട്രയൽ അലോട്ട്മെൻ്റ് പ്രസിദ്ധീകരിച്ചതിന് ശേഷം ആഗസ്ത 24 വരെ സൗകര്യം ഉണ്ടാകും. ഏതെങ്കിലും സർട്ടിഫിക്കിൻ്റെ ഡിജിറ്റൽ പകർപ്പ് അപ് ലോഡ് ചെയ്യുന്നതിന് കഴിയാതിരുന്നവർക്ക് അത് അപ് ലോഡ് ചെയ്യുന്നതിനും ഇക്കാലയളവിൽ അവസരം ഉണ്ടാകും..

(പി.ആർ.ഒ/39/772/2021)

## പരീക്ഷാ ഫലം

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ലെറ്റേഴ്സ് 2020 സെപ്റ്റംബറിൽ നടത്തിയ 2019 -2021 ബാച്ച് - രണ്ടാം സെമസ്റ്റർ എം.എ. - മലയാളം ലാംഗേജ് ആൻ്റ് ലിറ്ററേച്ചർ , എം.എ - ഇംഗ്ലീഷ് ലാംഗേജ് - ലാംഗേജ് ആൻ്റ് ലിറ്ററേച്ചർ - സി എസ് എസ്- പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/773/2021)

## ബി.ടെക് സപ്ലിമെൻ്ററി പരീക്ഷ

മഹാത്മാഗാന്ധി സർവ്വകലാശാല ബി.ടെക് (2010 മുതലുള്ള അഡ്മിഷൻ - സപ്ലിമെൻ്ററി - പുതിയ സ്കീം) എട്ടാം സെമസ്റ്റർ പരീക്ഷ സെപ്റ്റംബർ ഒന്നിന് ആരംഭിക്കും. ടൈം ടേബിൾ സർവ്വകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/774/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ